129 (552) അസിസ്റ്റന്റ് എൻജിനീയർ/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തിക മേജർ സെക്ഷൻ തലവന്റേത് ഉൾപ്പെടെ ഇപ്പോൾ എത്രയെണ്ണമുണ്ടെന്നുള്ളതിന്റെ ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ ദീർഘകാല അവധിയിൽ കഴിയുന്നവരും വകുപ്പിന് പുറത്ത് ജോലി ചെയ്യുന്നവരും എത്ര പേർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ/ഹെഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിൽ കേരളാ പി.എസ്.സി. വഴി നിയമനം നടന്നിട്ടുള്ളത് ഏറ്റവും ഒടുവിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകൾ ഉണ്ടെന്നും അവ എപ്രകാരം എന്നത്തേക്ക് നികത്തുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ/ഡ്രാഫ്റ്റ്സ്മാൻ തസ്തിക മേജർ സെക്ഷൻ തലവന്റേത് ഉൾപ്പെടെ 969 പേർ ഉണ്ട്.

അസിസ്റ്റന്റ് എൻജിനീയർ - 747

ഹെഡ് ഡ്രാഫ്റ്റ്സ്മാൻ - 222

(ബി) ദീർഘകാല അവധിയിൽ - 21 പേർ)
ഡപ്യൂട്ടേഷൻ - 04 പേർ) } 25 പേർ ഉണ്ട്

(സി) 1990-ൽ ആണ് ഒടുവിൽ നിയമനം നടത്തിയത്.

(ഡി) ഡയറക്ട് റിക്രൂട്ട്മെന്റ് - 24)
ഡിപ്പാർട്ട്മെന്റ് ക്വാട്ട - 37) } 61 ഒഴിവുകൾ ഉണ്ട്

ഇതിൽ ഡയറക്ട് റിക്രൂട്ട്മെന്റിന്റെ 16 ഒഴിവുകളും ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലെ 37 ഒഴിവുകളും 11/99-ൽ P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡയറക്ട് റിക്രൂട്ട്മെന്റിൽ നികത്തേണ്ട ബാക്കി 8 ഒഴിവുകൾ കോടതി നിർദ്ദേശ പ്രകാരം മാറ്റി വച്ചിരിക്കുകയാണ്.

130 (555) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകാർക്ക് കുടിശ്ശിക ഇനത്തിൽ എന്തു തുക കൊടുത്ത് തീർക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 1991-92 മുതൽ ഉള്ള കുടിശ്ശികയുടെ വർഷം തിരിച്ചുള്ള കണക്ക് നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly